പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 13

# 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

(ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 13

# 2021-ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

(ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

1063/2021

പതിനഞ്ചാം കേരള നിയമസഭ

ബിൽ നമ്പർ 13

# 2021 -ലെ കേരള അന്ധവിശ്വാസ-അനാചാര നിർമ്മാർജ്ജന ബിൽ

(ശ്രീ. കെ. ഡി. പ്രസേനൻ, എം. എൽ. എ. നോട്ടീസ് നൽകിയത്)

## അന്ധവിശ്വാസ അനാചാരങ്ങൾ കേരള സംസ്ഥാനത്ത് വർദ്ധിച്ച് വരുന്ന സാമൂഹ്യ സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഇല്ലാതാക്കി ശാസ്ത്രീയവും മാനുഷികവുമായ സാമൂഹ്യവ്യവസ്ഥ ഉറപ്പാക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന

ഒരു

ബിൽ

പീഠിക.—ഇന്ത്യൻ ഭരണഘടന 51a(b) പ്രകാരം ദേശീയ സ്വാതന്ത്ര്യ സമരത്തിന്റെയും നവോത്ഥാനത്തിന്റെയും മൂല്യങ്ങളെ പ്രചോദിപ്പിക്കുന്നതിനും 51a(h) അനുസരിച്ച് ശാസ്ത്രമനോഭാവം, മാനവികത, അന്വേഷണത്വര, പരിഷ്കരണക്ഷമത എന്നിവ വളർത്താനുള്ള അവകാശങ്ങളും മൗലിക കടമയാണ്. അന്ധവിശ്വാസ അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും നിരന്തരമായ മതസ്പർദ്ധകൾക്ക് കാരണമായിത്തീരുന്നു. അതുകൊണ്ടുതന്നെ മതേതര മാനവിക സംസ്കാരം വികസിപ്പിക്കാനുള്ള കടമയും സർക്കാരിനുണ്ട്.

ആർട്ടിക്കിൾ 25(1) പ്രകാരം പൊതുക്രമസമാധാനം, പൊതുധാർമ്മികത, പൊതുജനാരോഗ്യം എന്നിവ സംരക്ഷിച്ചുകൊണ്ടുമാത്രമേ മതവിശ്വാസവും ആചരണവും പ്രചാരണവും നടത്താൻ പാടുള്ളൂ. ഈ തത്വം പ്രായോഗികവൽക്കരിക്കണമെങ്കിൽ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും എതിരായ ഒരു നിയമനിർമ്മാണം അനിവാര്യമായിരിക്കുന്നു.

ഡ്രഗ്സ് ആൻഡ് മാജിക്കൽ റെമഡീസ് (ഒബ്ജക്ഷനബിൾ അഡ്വർട്ടൈസ്മെന്റ്) ആക്റ്റ്, 1954 നിലവിലുണ്ടായിട്ടും മാന്ത്രിക ഏലസ്സുകൾ, ദിവ്യശക്തി പ്രാർത്ഥന, രോഗശാന്തി ചികിത്സ, കുട്ടിച്ചാത്തൻ അനുഗ്രഹം, ഭാഗ്യനക്ഷത്രക്കല്ലുകൾ, ജ്യോത്സ്യം, മന്ത്രവാദം തുടങ്ങിയ തട്ടിപ്പുകളുടെ

പരസ്യങ്ങളും പ്രയോഗ പ്രവർത്തനങ്ങളും ആൾദൈവ പ്രതിഭാസങ്ങളും നിർബാധം നടന്നുകൊണ്ടിരിക്കുന്നു. തന്മൂലം നിർദ്ദോഷികളായ വിശ്വാസികളുടെ ധനവും മാനവും നശിച്ചിട്ടുള്ള നിരവധി സംഭവങ്ങൾ അനാവൃതമായിരിക്കുന്നു. ഒരു പരിഷ്കൃത മതനിരപേക്ഷ സമൂഹത്തിന് അപമാനകരമാണ് ഈ സ്ഥിതിവിശേഷം. നിരക്ഷര സാക്ഷര വ്യത്യാസമില്ലാതെ ജനങ്ങൾ ഈ ചൂഷണത്തിന് വിധേയരാക്കപ്പെടുന്നു.

മേൽപ്പറഞ്ഞ സാമൂഹ്യ ദുരിതങ്ങൾക്ക് പരിഹാരം കാണുന്നതിനായി ഒരു നിയമം അനിവാര്യമായിത്തീർന്നിരിക്കുന്നതിനാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപത്തിരണ്ടാം സംവത്സരത്തിൽ താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:

1. ചുരുക്കപ്പേരും വ്യാപ്തിയും, പ്രാരംഭവും.—(1) ഈ നിയമം 2021-ലെ കേരള അന്ധവിശ്വാസ അനാചാര നിർമ്മാർജ്ജന നിയമം എന്ന് അറിയപ്പെടും.

(2) കേരള സംസ്ഥാനമൊട്ടാകെ ഇത് ബാധകമാണ്.

(3) ഗസറ്റിൽ പരസ്യം ചെയ്യുന്ന തീയതി മുതൽ ഇത് പ്രാബല്യത്തിൽ വരുന്നതായിരിക്കും.

2. നിർവ്വചനങ്ങൾ.—ഈ നിയമത്തിന്റെ സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം:—

(1) "അന്ധവിശ്വാസം" എന്നാൽ, കാര്യകാരണ ചിന്തയ്ക്ക് ഉചിതമല്ലാത്തതും ശാസ്ത്രീയമായ അടിത്തറ ഇല്ലാത്തതും സാമൂഹ്യ പുരോഗതിക്ക് വിഘാതമായിരിക്കുന്നതുമായ വിശ്വാസങ്ങൾ;

(2) "അനാചാരം" എന്നാൽ, വ്യക്തിക്കും സമൂഹത്തിനും ദോഷകരവും മാരകവുമായ ഫലങ്ങൾ ഉളവാക്കുന്ന എല്ലാ ആചാരങ്ങളും കർമ്മങ്ങളും;

(3) "മന്ത്രവാദം" എന്നാൽ, പ്രകൃത്യാതീത ശക്തികളും പ്രേത-ഭൂതങ്ങളും ഉണ്ടെന്നും അവയെ നിയന്ത്രിക്കാമെന്നും വിശ്വസിപ്പിച്ച് ചെയ്യുന്ന പൂജാദി കർമ്മങ്ങൾ;

(4) "അത്ഭുതരോഗശാന്തി" എന്നാൽ, അംഗീകൃതമായ ശാസ്ത്രീയ പരിശോധനകൾ വഴി രോഗനിർണ്ണയം നടത്താതെ പ്രാർത്ഥന, മന്ത്രം, ഓതി കൊടുക്കൽ, മാന്ത്രിക യന്ത്രങ്ങൾ ജപിച്ച് നൽകൽ, സ്പർശന ആശ്ലേഷങ്ങൾ, ഉറുക്ക്, ഏലസ്, മധ്യസ്ഥപ്രാർത്ഥന, ദിവ്യശക്തികളുടെ പേരിലുള്ള ചികിത്സ തുടങ്ങിയവ;

(5) "പ്രചരിപ്പിക്കൽ" എന്നാൽ, ആൾദൈവങ്ങൾ, മന്ത്രവാദം, ദുരാചാരം, ജ്യോത്സ്യം, ഫലസിദ്ധിയുണ്ടെന്ന് അവകാശപ്പെടുന്ന യാഗയജ്ഞ പൂജാദികർമ്മങ്ങൾ,

ധ്യാനം, അത്ഭുത രോഗശാന്തി, അശാസ്ത്രീയ ചികിത്സാ സമ്പ്രദായങ്ങൾ എന്നിവ സംബന്ധിച്ച പരസ്യങ്ങൾ, ലേഖനങ്ങൾ, പുസ്തകങ്ങൾ, അനുഭവ സാക്ഷ്യങ്ങൾ പ്രത്യക്ഷമായോ പരോക്ഷമായോ ഉള്ള പ്രവൃത്തികൾ.

മേൽപ്പറഞ്ഞവയിൽ പെടാത്ത പദങ്ങൾക്കുള്ള നിർവ്വചനം ഡ്രഗ്സ് ആൻഡ് മാജിക്കൽ റെമഡീസ് ആക്ടിൽ പറഞ്ഞിട്ടുള്ളവയായിരിക്കും.

3. <u>അന്ധവിശ്വാസ-അനാചാര നിരോധനം.</u>—(1) ഈ ചട്ടത്തിന്റെ പട്ടികയിൽ വരുന്ന ഏതെങ്കിലും അന്ധവിശ്വാസമോ ദിവ്യാത്ഭുതമോ സ്വന്തമായോ മറ്റൊരാൾ മുഖേനയോ പ്രയോഗിക്കുകയോ പ്രചരിപ്പിക്കുകയോ ചെയ്യാൻ പാടില്ല.

(2) ഈ ചട്ടം നിലവിൽവന്നതിനുശേഷം അതിന് വിരുദ്ധമായി അന്ധവിശ്വാസം പ്രചരിപ്പിക്കുകയോ പ്രയോഗിക്കുകയോ ചെയ്യുന്നത് കുറ്റകരമാണ്. ആറ് മാസം മുതൽ എട്ട് വർഷം വരെയുള്ള തടവിനും അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെ പിഴയ്ക്കും അയാൾ അർഹനാണ്.

(3) ഈ ചട്ടപ്രകാരം കുറ്റകരമായ കൃത്യം ചെയ്യാൻ പ്രേരിപ്പിക്കുന്നയാളും ഇതേ ശിക്ഷയ്ക്ക് അർഹനാണ്.

(4) ഈ ആക്റ്റ് പ്രകാരമുള്ള കുറ്റം പോലീസുകാർക്ക് സ്വമേധയാ അന്വേഷണം നടത്തി തെളിയിക്കാവുന്നതും ജാമ്യം അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു.

(5) അന്ധവിശ്വാസ അനാചാര കർമ്മങ്ങൾ വഴി ആർജ്ജിച്ച സ്വത്തുക്കൾ അഴിമതി നിരോധന നിയമത്തിലെ വകുപ്പിന് സമാനമായി ഗവൺമെന്റിലേക്ക് കണ്ടുകെട്ടാവുന്നതുമാണ്.

(6) സ്ഥാപനങ്ങളും സംഘടനകളും ചെയ്യുന്ന കുറ്റങ്ങൾ : ഈ നിയമപ്രകാരമുള്ള കുറ്റങ്ങൾ ഒരു സ്ഥാപനമോ, സംഘടനയോ, കമ്പനിയോ ആണ് ചെയ്യുന്നതെങ്കിൽ കുറ്റം നടക്കുന്ന സമയത്ത് സ്ഥാപനത്തിന്റെ/സംഘടനയുടെ/കമ്പനിയുടെ ചുമതലയുണ്ടായിരുന്ന എല്ലാ വ്യക്തികൾക്കും അതിൽ ഉത്തരവാദിത്വം ഉണ്ടായിരിക്കും. പ്രസ്തുത സംഘടന/സ്ഥാപനം/കമ്പനിയുടെ പേരിൽ കേസ് എടുത്ത് ശിക്ഷിക്കാവുന്നതാണ്.

(7) വിജിലൻസ് ഓഫീസർ : ഗവൺമെന്റിന്റെ ഗസറ്റ് വിജ്ഞാപനം മുഖേന ഒന്നോ അതിലധികമോ പോലീസ് സ്റ്റേഷനുകൾക്ക് ഓന്നോ അതിലധികമോ പോലീസ് ഓഫീസർമാരെ വിജിലൻസ് ഓഫീസർമാരായി നിയമിക്കാം. പോലീസ് സബ് ഇൻസ്പെക്ടറിൽ താഴെ അല്ലാത്ത പദവിയിലുള്ള ഉദ്യോഗസ്ഥനായിരിക്കും വിജിലൻസ് ഓഫീസർ. ഈ ചട്ടത്തിന്റെ ലംഘനം കണ്ടുപിടിച്ച് തടയുന്നതും കേസ് ഫയൽ ചെയ്യുന്നതും ഈ ഉദ്യോഗസ്ഥന്റെ ചുമതലയാണ്.

(8) പ്രവേശനത്തിനും അന്വേഷണത്തിനുമുള്ള അധികാരം :

i. വിജിലൻസ് ഓഫീസർക്ക് തന്റെ അധികാര പരിധികളിൽ കുറ്റം നടന്നതായി തോന്നുന്ന സ്ഥലത്ത് പ്രവേശിക്കുന്നതിനും പരിശോധന നടത്തുന്നതിനും അധികാരം ഉണ്ടായിരിക്കും. ഈ നിയമത്തിൽ "പ്രചരിപ്പിക്കൽ" എന്ന നിർവ്വചനത്തിൽപ്പെടുന്നവ പിടിച്ചെടുക്കാനും അന്വേഷിക്കുവാനും അധികാരം ഉണ്ടായിരിക്കും;

ii. ഈ നിയമപ്രകാരം ഉത്തമവിശ്വാസത്തോടെ വിജിലൻസ് ഓഫീസർ കൈക്കൊള്ളുന്ന നടപടികൾക്ക് 1965-ലെ കേരള പോലീസ് ആക്ടിലെ നിബന്ധനകൾ ബാധകമാണ്;

iii. ഈ നിയമത്തിന് കീഴിൽ ശിക്ഷിക്കപ്പെട്ട ഏതൊരാളുടെയും പേരും താമസസ്ഥലവും ബന്ധപ്പെട്ട വിവരങ്ങളും കുറ്റം നടന്ന സ്ഥലത്ത് പ്രാദേശിക പത്രങ്ങളിൽ പരസ്യപ്പെടുത്തേണ്ടതാണ്.

4. <u>കുറ്റകൃത്യങ്ങളുടെ പട്ടിക</u>.—(1) പ്രേതബാധ ഒഴിപ്പിക്കാനെന്ന പേരിൽ ഒരാളെ കയറോ ചങ്ങലയോകൊണ്ട് ബന്ധിക്കുന്നത്, കമ്പോ, ചാട്ടയോകൊണ്ട് അടിക്കുന്നത്, കെട്ടിത്തൂക്കുന്നത്, തലമുടി പിഴുതെടുക്കുന്നത്, ശരീരത്തിൽ ചൂട്‌വയ്ക്കുന്നത്, ലൈംഗികവേഴ്ചയ്ക്ക് പ്രേരിപ്പിക്കുന്നത്, ബലം പ്രയോഗിച്ച് മലമൂത്രങ്ങൾ വായ്ക്കുള്ളിലാക്കുന്നത്, ശാരീരിക ബലപ്രയോഗം, സ്പർശനം ;

(2) ദിവ്യാത്ഭുതങ്ങളെന്ന് പറയപ്പെടുന്നവ പ്രകടിപ്പിക്കുന്നതും അത്തരം കാര്യങ്ങൾ പ്രകടിപ്പിച്ച് ജനങ്ങളെ വഞ്ചിക്കുകയും ഭീഷണിപ്പെടുത്തുകയും പണം സമ്പാദിക്കുകയും ചെയ്യുന്നത് ;

(3) പ്രകൃത്യാതീത ശക്തികളുടെ അനുഗ്രഹത്തിനെന്ന പേരിൽ ജീവന് ഹാനിയുണ്ടാക്കുന്നതോ മുറിവേൽപ്പിക്കുന്നതോ ആയ കർമ്മങ്ങൾ ചെയ്യുന്നതും അത്തരം കൃത്യങ്ങൾ ചെയ്യാൻ മറ്റുള്ളവരെ പ്രേരിപ്പിക്കുന്നതും ;

(4) നിധി, ജലസ്രോതസ്സുകൾ, കെട്ടിട സ്ഥാനം നിർണ്ണയിക്കൽ മുതലായവയ്ക്ക് വേണ്ടി നരബലിയും മൃഗ -പക്ഷി ബലിയും പൂജകളും നടത്തുന്നത് ;

(5) ആരുടെയെങ്കിലും ശരീരത്തിൽ ഏതെങ്കിലുമൊരു ദിവ്യാത്മാവ് അവശേഷിച്ചിട്ടുണ്ടെന്ന് പരസ്യപ്പെടുത്തി മറ്റുള്ളവരുടെ മനസ്സിൽ ഭീതി ജനിപ്പിക്കുന്നതും അയാളെ അനുസരിച്ചില്ലെങ്കിൽ അത് അപകടകരമാണെന്ന് ഭീഷണിപ്പെടുത്തുന്നതും ;

(6) ഒരാൾക്ക് മന്ത്രവാദം നടത്തുന്നുവെന്നോ അയാൾക്ക് പ്രേതബാധ ഉണ്ടെന്നോ മറ്റുള്ളവരിൽ രോഗബാധ ഉണ്ടാക്കാൻ അയാൾ കാരണമാകുന്നുവെന്നോ പ്രചരിപ്പിക്കുന്നത്;

(7) മന്ത്രവാദി എന്ന നിലയിൽ ഒരാളെ മർദ്ദിക്കുന്നതും നഗ്നനാക്കി നടത്തുന്നതും അയാളുടെ ദൈനംദിന ജീവിതത്തിന് തടസ്സം സൃഷ്ടിക്കുന്നതും ;

(8) മന്ത്രംകൊണ്ട് ഭൂതപ്രേതാധികളെ ആവാഹിക്കുകയാണെന്ന് ധാരണ ജനിപ്പിച്ച് ജനങ്ങളുടെ മനസ്സിൽ ഭീതി ഉളവാക്കുന്നതും മന്ത്രതന്ത്രങ്ങൾകൊണ്ട് ഒരാളെ ഭീഷണിപ്പെടുത്തുന്നതും ;

(9) നായ, പാമ്പ്, തേൾ മുതലായവ കടിച്ചാൽ ശാസ്ത്രീയ ചികിത്സ നിഷേധിക്കുന്നതും മന്ത്രതന്ത്രങ്ങളും മറ്റും പ്രയോഗിക്കുന്നതും ;

(10) വിരലുകൾകൊണ്ട് ശസ്ത്രക്രിയ നടത്താനും ഗർഭസ്ഥ ശിശുവിന്റെ ലിംഗമാറ്റത്തിന് കഴിയുമെന്ന് അവകാശപ്പെടുന്നതും ഗർഭം അലസിപ്പിക്കുന്നതും ;

(11) ദിവ്യശക്തി ഉണ്ടെന്നോ മറ്റൊരാളുടെ അവതാരമാണെന്നോ ദിവ്യാവതാരമാണെന്നോ അവകാശപ്പെടുന്നതും കഴിഞ്ഞ ജന്മത്തിൽ തന്റെ ഭാര്യയോ, ഭർത്താവോ ആയിരുന്നുവെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗിക ബന്ധത്തിൽ ഏർപ്പെടുന്നതും ;

(12) ഗർഭധാരണശേഷിയില്ലാത്ത സ്ത്രീയിൽ ദിവ്യശക്തികൊണ്ട് ഗർഭം ധരിപ്പിക്കാമെന്ന് അവകാശപ്പെട്ട് അവരുമായി ലൈംഗികവേഴ്ചയിൽ ഏർപ്പെടുന്നതും അതിനായി പ്രേരിപ്പിക്കുന്നതും ദിവ്യമരുന്ന് നൽകുന്നതും ;

(13) ബുദ്ധിവളർച്ചയില്ലാത്തതും പ്രായപൂർത്തിയാകാത്തതുമായ ഒരാൾക്ക് ദിവ്യശക്തിയുണ്ടെന്ന ധാരണ ജനിപ്പിച്ച് സ്വാർത്ഥലാഭത്തിന് പ്രയോജനപ്പെടുത്തുന്നതും ;

(14) ജോത്സ്യപ്രവചനങ്ങൾവഴി ജനങ്ങളെ വഞ്ചിക്കുന്നതും അതിന്റെ മന്ത്രങ്ങൾ വഴി ചൂഷണം ചെയ്യുന്നതും ;

(15) ശാസ്ത്രീയ ചികിത്സ നിഷേധിച്ച് പ്രാർത്ഥനാരോഗ ചികിത്സ നടത്തുന്നതും രോഗികൾക്ക് അപകടം വരുത്തുന്നതും അതിന്റെ പേരിൽ നേർച്ചക്കാഴ്ച്ചകൾ വാങ്ങുന്നതും ;

(16) ദിവ്യതയുടെ മറവിൽ മയക്കുമരുന്നും ആയുധങ്ങളും സംഭരിക്കുന്നതും പ്രയോഗിക്കുന്നതും ;

(17) മതത്തിന്റെ പേരുകൾ ദുരുപയോഗപ്പെടുത്തി രൂപംകൊടുത്ത അന്ധവിശ്വാസങ്ങളുടെ മറവിൽ വിദേശപ്പണം വാങ്ങുന്നതും വിദേശികളെ അനധികൃതമായി താമസിപ്പിക്കുന്നതും ;

(18) മരിച്ചുപോയ പുരോഹിതരുടെ കുഴിമാടങ്ങളും ഖബറുകളും വിശ്വാസത്തിന്റെ പേരിൽ സാമ്പത്തിക ചൂഷണത്തിന് ഉപയോഗിക്കുന്നതും അന്ധവിശ്വാസത്തിന്റെ മറവിൽ ബലം പ്രയോഗിച്ചും പ്രീണിപ്പിച്ചും സ്വന്തം വിശ്വാസത്തിനൊപ്പം നടത്തുന്നതും ;

(19) വിശ്വാസത്തിന്റെ മറവിൽ നടത്തപ്പെടുന്ന സ്ത്രീ പീഡനങ്ങൾ.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരളത്തിൽ വർദ്ധിച്ചുവരുന്ന അന്ധവിശ്വാസ പ്രവൃത്തികളും അനാചാരങ്ങളും നിയന്ത്രിക്കേണ്ടതുണ്ട്. സംസ്ഥാനത്ത് അന്ധവിശ്വാസ പ്രവൃത്തികളും അനാചാരങ്ങളും അതുമായി ബന്ധപ്പെട്ട ചൂഷണങ്ങളും വർദ്ധിച്ചുവരികയാണ്. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഒരു സാമൂഹികവിപത്തായി വളരുമ്പോൾ അതുയർത്തുന്ന ചൂഷണങ്ങളെ പ്രതിരോധിക്കേണ്ടതുണ്ട്. ഇക്കാര്യം ഉറപ്പാക്കേണ്ടത് സർക്കാരിന്റെ കർത്തവ്യമാണ്. ഈ ലക്ഷ്യം സാക്ഷാത്കരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ നടപ്പിൽവരുത്തുന്നതിന് സഞ്ചിതനിധിയിൽനിന്ന് യാതൊരു അധികച്ചെലവും നിലവിൽ ഉണ്ടാകുന്നതല്ല എന്നാൽ ബില്ലിലെ വ്യവസ്ഥകളുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ നടപ്പിലാക്കുന്നതിനായി സഞ്ചിതനിധിയിൽ നിന്നും അനാവർത്തകമായ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ പ്രകാരം സർക്കാരിന് ഗസറ്റ് വിജ്ഞാപനംവഴി ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്. ഈ ആക്റ്റ് അനുസരിച്ച് ഉണ്ടാകുന്ന ചട്ടങ്ങൾ സഭയുടെ മുൻപാകെ വയ്ക്കേണ്ടതാണ്. സഭയ്ക്ക് അംഗീകരിക്കുവാനോ റദ്ദ് ചെയ്യുന്നതിനോ ഭേദഗതി ചെയ്യുന്നതിനോ ഉള്ള അധികാരം ഉണ്ട്. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം നൽകിയിട്ടുള്ളത് നടപടിക്രമങ്ങളെ സംബന്ധിക്കുന്നതോ ദൈനംദിന ഭരണകാര്യങ്ങളെ സംബന്ധിക്കുന്നതോ ആയ കാര്യങ്ങൾക്കാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുക്കപ്പെട്ട നിയമനിർമ്മാണാധികാരം സംബന്ധിച്ച് നൽകിയിട്ടുള്ളതായ അധികാരം സാധാരണസ്വഭാവത്തിലുള്ളതാണ്.

കെ. ഡി. പ്രസേനൻ, എം. എൽ. എ.